**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 20/05/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC20/2021/EXCISE**

വിഷയം: എക്സൈസ് ഭരണപരം - എൻ.ഡി.പി.എസ്. കേസുകളിൽ പ്രതിചേർക്കപ്പെട്ടയാൾ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ നൽകുന്ന കുറ്റ സമ്മത മൊഴി - തെളിവിൽ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1.ബഹു. സുപ്രീം കോടതി Tofan Singh V/s. State of Tamil Nadu (Crl. Appeal 152/2013) എന്ന കേസിൽ 29-10-2020-ൽ പുറപ്പെടുവിച്ച വിധിന്യായം (2020(6)KHC-III).
2.07-11-1985-ലെ SRO-1517/1985.

1985-ലെ Narcotic Drugs and Psychotropic Substances Act-ലെ 53(2) വകുപ്പ് അനുസരിച്ച് സംസ്ഥാന സർക്കാർ, എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ എൻ .ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണം നടത്തുന്നതിനു വേണ്ടി പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ നൽകിക്കൊണ്ട് സൂചന (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

1872-ലെ Indian Evidence Act-ലെ 25-ാം വകുപ്പ് അനുസരിച്ച് ഒരു പോലീസ് ഉദ്യോഗസ്ഥനോട് നടത്തുന്ന യാതൊരു കുറ്റസമ്മതവും , ഏതെങ്കിലും കുറ്റം ആരോപിക്കപ്പെട്ട ഒരാൾക്ക് എതിരായി തെളിയിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

1985-ലെ എൻ .ഡി.പി.എസ്. ആക്ടിലെ 53(A)-ാം വകുപ്പ് അനുസരിച്ച് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ മുമ്പിൽ നടത്തുന്ന കുറ്റസമ്മത മൊഴികളുടെ കാര്യത്തിൽ 1872-ലെ Indian Evidence Act- 25-ാം വകുപ്പിലെ വ്യവസ്ഥ തടസ്സമാകില്ലായെന്നുള്ളതിനാൽ അപ്രകാരം നൽകുന്ന കുറ്റസമ്മത മൊഴികൾ തെളിവിൽ സ്വീകരിച്ചു വന്നിരുന്നു.

എന്നാൽ സൂചന (1) പ്രകാരം ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ,

(i) എൻ.ഡി.പി.എസ്. ആക്ടിലെ 53-ാം വകുപ്പ് അനുസരിച്ച് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ " പോലീസ് ഓഫീസർ " എന്ന അർത്ഥത്തിൽ ഉൾപ്പെടുമെന്നും, ആയതിനാൽ പ്രസ്തുത ഉദ്യോഗസ്ഥർക്കു മുന്നിൽ നൽകുന്ന കുറ്റസമ്മത മൊഴി Indian Evidence Act-ലെ 25-ാം വകുപ്പ് അനുസരിച്ച് നിലനിൽക്കില്ലായെന്നും, എൻ.ഡി.പി.എസ്. അക്ട് പ്രകാരം ഒരു പ്രതിയെ ശിക്ഷിക്കുന്നതിനു വേണ്ടി പ്രസ്തുത മൊഴി കണക്കാക്കുവാൻ കഴിയില്ലായെന്നും

(ii) എൻ.ഡി.പി.എസ്. ആക്ടിലെ വകുപ്പ് 67 അനുസരിച്ച് രേഖപ്പെടുത്തുന്ന മൊഴി കുറ്റസമ്മത മൊഴിയായി കേസിന്റെ വിചാരണ സമയത്ത് ഉപയോഗിക്കുവാൻ

കഴിയില്ലായെന്നും വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.

ആയതിനാൽ എൻ.ഡി.പി.എസ്. കേസുകളുടെ അന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥർ സൂചന (1) പ്രകാരമുള്ള വിധിന്യായത്തിലെ മേൽപ്പറഞ്ഞ സംഗതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, കേസന്വേഷണത്തിൽ ഇക്കാര്യത്തിൽ പാളിച്ചകൾ വരാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

S. AANANTHAKRISHNAN IPS
Signature valid
Digitally signed by AANANTHAKRISHNAN S
Date 2021.05.20 ... 46 49 IST
Reason Approved
**എക്സൈസ് കമ്മീഷണർ**

ഗ്രാഹകന്:1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2. എക്സൈസ് വിജിലൻസ് ഓഫീസർ
3.ജോയിൻറ് എക്സൈസ് കമ്മീഷണർ (എല്ലാം)
4.ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5.ലോ ഓഫീസർ
6.സ്റ്റോക്ക് ഫയൽ/കരുതൽ ഫയൽ